"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

നം.WM1/339/20024/LSGD Part (I)
തദ്ദേശസ്വയംഭരണ (ഡബ്ല്യു.എം) വകുപ്പ്
തിരുവനന്തപുരം,
തീയതി: 26-12-2024

**സർക്കുലർ**

വിഷയം:- തദ്ദേശ സ്വയംഭരണ വകുപ്പ്- പൊതു ജൈവമാലിന്യ സംസ്കരണ സംവിധാനങ്ങളുടെ നിലവിലെ സ്ഥിതി സംബന്ധിച്ച് വിവരശേഖരണം - നിർദ്ദേശങ്ങൾ - സംബന്ധിച്ച്.

സൂചന:- 07.12.2024-ന് തദ്ദേശസ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗം.

**********************

പൊതു ജൈവമാലിന്യ സംസ്കരണ സംവിധാനങ്ങളുടെ നിലവിലെ സ്ഥിതി സംബന്ധിച്ച് വിവരശേഖരണത്തിനായി ചുവടെ ചേർക്കുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

i. മാലിന്യമുക്തം നവകേരളം ക്യാമ്പയിന്റെ ഭാഗമായി സംസ്ഥാനത്ത് വിവിധ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ പൊതു ജൈവമാലിന്യ സംസ്കരണ സംവിധാനങ്ങളുടെ നിലവിലെ സ്ഥിതി സംബന്ധിച്ച് വിവരശേഖരണം നടത്തുന്നതിന് തീരുമാനിച്ചിട്ടുണ്ട്. തദ്ദേശ സ്വയംഭരണ വകുപ്പ് എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ നേതൃത്വത്തിലാണ് മാപ്പിംഗ് പൂർത്തിയാക്കേണ്ടത്. ശുചിത്വ മിഷൻ തയ്യാറാക്കി നൽകുന്ന ഫോർമാറ്റിൽ/സോഫ്റ്റ്‌വെയർ ഉപയോഗിച്ച് വിവരങ്ങൾ LSG തലത്തിൽ ഓരോ ഫെസിലിറ്റികളും പ്രത്യേകം പ്രത്യേകമായി വേണം രേഖപ്പെടുത്താൻ.

ii. കോർപ്പറേഷനുകളിൽ സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ മേൽനോട്ടത്തിൽ, ചുമതലപ്പെടുത്തിയ അസിസ്റ്റന്റ് എഞ്ചിനീയർമാർ നേരിട്ട് ഫെസിലിറ്റികൾ സന്ദർശിച്ച് അവസ്ഥാ പഠനം നടത്തണം. മുൻസിപ്പാലിറ്റികളിൽ മുനിസിപ്പൽ എഞ്ചിനീയറുടെ മേൽനോട്ടത്തിൽ വാർഡിന്റെ ചുമതലയുള്ള അസിസ്റ്റന്റ് എഞ്ചിനീയർമാർ നേരിട്ട് ഫെസിലിറ്റികൾ സന്ദർശിച്ച് അവസ്ഥാ പഠനം നടത്തണം. അസിസ്റ്റൻറ് എഞ്ചിനിയർമാർ മുൻസിപ്പൽ എഞ്ചിനിയർമാർ ആയിട്ടുള്ള മുൻസിപ്പാലിറ്റികളിലും ഗ്രാമപഞ്ചായത്തുകളിലും ബ്ലോക്ക് അസിസ്റ്റന്റ് എക്സിക്യൂട്ടീവ്

എഞ്ചിനീയറുടെ മേൽനോട്ടത്തിൽ മുൻസിപ്പാലിറ്റിയുടെ/ പഞ്ചായത്തിന്റെ ചുമതലയുള്ള അസിസ്റ്റന്റ് എഞ്ചിനീയർമാർ നേരിട്ട് ഫെസിലിറ്റികൾ സന്ദർശിച്ച് അവസ്ഥാ പഠനം നടത്തണം.

iii. ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ ശുചിത്വ മിഷൻ റിസോഴ്സ് പേഴ്സൺ(RP), യങ് പ്രൊഫഷണൽസ്(YP) മാരുടെ സേവനം ഇക്കാര്യത്തിൽ പ്രയോജനപ്പെടുത്താവുന്നതാണ്. എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും സമയബന്ധിതമായി ടി പ്രവർത്തനം നടക്കുന്നു എന്ന് സെക്രട്ടറിമാർ ഉറപ്പുവരുത്തണം.

iv. അവസ്ഥാ പഠനം പൂർത്തിയായാൽ നിലവിലെ ഗ്യാപ്പുകൾ കണ്ടെത്തി പ്രവർത്തന രഹിതമായ ഫെസിലിറ്റികൾ മുഴുവനും പ്രവർത്തനക്ഷമമാക്കുന്നതിനുള്ള പ്രോജെക്റ്റുകൾ ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനവും ഏറ്റെടുത്ത് നടപ്പിലാക്കേണ്ടതാണ്. ആയതിന് ആവശ്യമായ ടെക്നിക്കൽ സപ്പോർട്ട് ശുചിത്വ മിഷൻ നൽകേണ്ടതാണ്. തദ്ദേശ സ്വയംഭരണ വകുപ്പ്, പ്രിൻസിപ്പൽ ഡയറക്ടറുടെ നേതൃത്വത്തിൽ ജില്ലാ ജോയിന്റ് ഡയറക്ടർ മുഖേന സമയബന്ധിതമായി ടി പ്രവർത്തികൾ മോണിട്ടർ ചെയ്യേണ്ടതുമാണ്. ജനുവരി 30 ന് മുൻപ് ടി പ്രവർത്തനങ്ങൾ പൂർത്തിയാക്കേണ്ടതാണ്. ആയതിന് ആവശ്യമായ നടപടികൾ ബന്ധപ്പെട്ട വകുപ്പുകൾ സ്വീകരിക്കേണ്ടതാണ്.

പ്രീത.കെ.എസ്.
അഡിഷണൽ സെക്രട്ടറി

ഉത്തരവിൻ പ്രകാരം
Signed by
Manish V V
Date: 27-12-2024 09:54:58
സെക്ഷൻ ഓഫീസർ

പകർപ്പ് :-

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്.
ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്.
എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വമിഷൻ.
എല്ലാ തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിമാർക്കും
(പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
ഐ&പി.ആർ. (വെബ് & ന്യൂ മീഡിയ) വകുപ്പ്.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം.
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി